**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3342** **11-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിൽ ആകെയുള്ള റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരം വിസ്തീർണം ഉൾപ്പെടുത്തി ലഭ്യമാക്കുമോ; | (എ) | പട്ടാമ്പി മണ്ഡലത്തിൽ ആകെയുള്ള റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പട്ടാമ്പി മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ ഓഫീസുകൾക്കും മറ്റാവശ്യങ്ങൾക്കുമായി ഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മുൻ സർക്കാരുകളുടെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ? | (ബി) | പട്ടാമ്പി മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ ഓഫീസുകൾക്കും മറ്റാവശ്യങ്ങൾക്കുമായി ഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ആകെ നാല് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br><br>1) മൃഗസംരക്ഷണ വകുപ്പിന് വേണ്ടി മുതുതല വില്ലേജ് ഓഫീസ് പഴയ കെട്ടിടം നിന്നിരുന്ന സ്ഥലം ആവശ്യപ്പെട്ടു കൊണ്ട് ലഭിച്ച അപേക്ഷയിൽ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. റിക്വസിഷന് വേണ്ടി ജില്ലാ മൃഗസംരക്ഷണ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.<br><br>2) സപ്ലൈകോ - പെട്രോളിയം പുതിയ പെട്രോൾ ബങ്കുകൾ ആരംഭിക്കുന്നതിന് റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാണെങ്കിൽ നൽകണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷയിൽ പട്ടാമ്പി വില്ലേജിൽ സിവിൽ സ്റ്റേഷനോട് ചേർന്നോ പ്രധാന റോഡിനോട് ചേർന്നോ 30 മീറ്റർ ഫ്രണ്ടേജ് ഉള്ള പുറമ്പോക്ക് ഭൂമി ലഭ്യമല്ലെന്ന വിവരം മറുപടിയായി നൽകിയിട്ടുള്ളതാണ്.<br><br>3) കൊപ്പം പോലീസ് സ്റ്റേഷൻ നിർമ്മാണ ആവശ്യത്തിനായി കൊപ്പം വില്ലേജിൽ ബ്ലോക്ക് 25, റീ.സർവ്വേ - 150/3 ൽ 50 സെന്റ് സ്ഥലം ആഭ്യന്തര വകുപ്പിന് അനുവദിച്ച് നടപടികൾ പൂർത്തിയായിട്ടുള്ളതാണ്.<br><br>4) ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് വിട്ടു നൽകുന്നതിനായി പട്ടാമ്പി മുൻസിപ്പാലിറ്റിയുടെ അധീനതയിൽ ഉള്ള 23 സെന്റ് സ്ഥലം വകുപ്പിലേക്ക് |

| | | | |
|---|---|---|---|
| | | | കൈമാറുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്വയാർജ്ജിത ഭൂമി റവന്യൂ വകുപ്പിലേക്ക് മാറ്റിയ ശേഷം മാത്രമേ സേവന വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു എന്നതിനാൽ കേരള ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം ഭൂമി വിട്ടൊഴിഞ്ഞ് നൽകുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് പട്ടാമ്പി നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | വില്ലേജ് | ദേശം/ബ്ലോക്ക് | സർവ്വേ നമ്പർ | വിസ്തീർണ്ണം | വിവരം |
|---|---|---|---|---|---|
| 1 | കുലുക്കല്ലൂർ | 36 | 470 | 2.7540 | സർക്കാർ മിച്ചഭൂമി |
| 2 | കുലുക്കല്ലൂർ | 37 | 361/1 | 3.2810 | സർക്കാർ മിച്ചഭൂമി |
| 3 | കുലുക്കല്ലൂർ | 37 | 352/1 | 1.1319 | സർക്കാർ മിച്ചഭൂമി |
| 4 | കുലുക്കല്ലൂർ | 37 | 352/4 | 0.3840 | ഭൂസ്ഥിതി പാറ |
| 5 | കൊപ്പം | 25 | 281/2 | 0.1120 | നി കെ പാറ |
| 6 | കൊപ്പം | 25 | 123/1 | 0.0680 | വില്ലേജ് ഓഫീസ് |
| 7 | വിളയൂർ | 22 | 220/8, 230/23 | 0.0274 | വില്ലേജ് ഓഫീസ് |
| 8 | മുതുതല | 26 | 228/43 | 0.0246 | വില്ലേജ് ഓഫീസ് |
| 9 | മുതുതല | പെരുമുടിയൂർ | 160 | 78.5563 | പുഴ – ഭാരതപ്പുഴ |
| 10 | പട്ടാമ്പി | നേതിരിമംഗലം | 55/B1, 55/B4, 55/A2, 136/1A, 136/1B | 30.4404 | പുഴ – ഭാരതപ്പുഴ |
| 11 | പട്ടാമ്പി | നേതിരിമംഗലം | 55/B1 | 0.1011 | വില്ലേജ് ഓഫീസ് |
| 12 | പട്ടാമ്പി | നേതിരിമംഗലം | 55/A2 | 0.2954 | സിവിൽ സ്റ്റേഷൻ |
| 13 | പട്ടാമ്പി | നേതിരിമംഗലം | 80/1B1B1, 80/12, 80/13 | 0.2025 | റവന്യൂ ടവർ |
| 14 | പട്ടാമ്പി | കീഴായൂർ | 86 | 52.5281 | പുഴ – തൂതപ്പുഴ |

| | | | | | |
|---|---|---|---|---|---|
| 15 | തിരുവേഗപ്പുറ | 19 | 1 pt | 44.3008 | പുഴ – തൂതപ്പുഴ |
| 16 | തിരുവേഗപ്പുറ | 19 | 237/6 | 0.0185 | വില്ലേജ് ഓഫീസ് |
| 17 | തിരുവേഗപ്പുറ | 20 | 435 | 15.6184 | പുഴ |
| 18 | തിരുവേഗപ്പുറ | 20 | 433/2 | 0.0265 | പാറയും, വഴിയും |
| 19 | തിരുവേഗപ്പുറ | 20 | 434/2 | 0.0310 | പാറയും, വഴിയും |
| 20 | വല്ലപ്പുഴ | 34 | 313/2 | 0.0440 | സർക്കാർ പാറ |
| 21 | വല്ലപ്പുഴ | 34 | 215/5 | 0.1230 | സർക്കാർ പാറ |
| 22 | വല്ലപ്പുഴ | 35 | 68/2 | 0.0770 | ഭൂസ്ഥിതി പാറ |
| 23 | വല്ലപ്പുഴ | 34 | 171/10 | 0.0160 | വില്ലേജ് ഓഫീസ് |
| 24 | വല്ലപ്പുഴ | 35 | 190/14 | 0.0360 | പാറയും, വഴിയും |
| 25 | ഓങ്ങല്ലൂർ 2 | 33 | 359 pt | 0.9308 | മിച്ചഭൂമി |
| 26 | ഓങ്ങല്ലൂർ 2 | 33 | 51/4 | 0.0160 | വില്ലേജ് ഓഫീസ് |
| 27 | ഓങ്ങല്ലൂർ 1 | 31 | 32/10 | 0.0400 | വില്ലേജ് ഓഫീസ് |